**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 610** **09-06-2021 - ൽ മറുപടിയ്ക്ക്**

**തോടുകളുടെ അറ്റകുറ്റപ്പണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വടകര നിയോജകമണ്ഡലത്തിലെ കരിമ്പന തോട് മാലിന്യം നിറഞ്ഞ് നീരൊഴുക്കില്ലാത്ത അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വടകര നിയോജക മണ്ഡലത്തിലെ കരിമ്പനത്തോട്ടിൽ, കഴിഞ്ഞകാലങ്ങളിൽ വലിയതോതിൽ മാലിന്യം നിറഞ്ഞ് നീരൊഴുക്ക്തടസ്സപ്പെടുത്തുന്ന രീതിയിലായി രുന്നു ഉണ്ടായിരുന്നത്. എന്നാൽ നാരായണ നഗരത്തിലെ മാലിന്യ സംസ്കരണ പ്ളാന്റ്പ്രവർത്തന സജ്ജമായതിനുശേഷം രണ്ടു വർഷമായി മാലിന്യം കുറഞ്ഞു നീരൊഴുക്കുള്ളതായി കാണപ്പെടുന്നുണ്ട്. |
| (ബി) | തോടുകളുടെ അറ്റകുറ്റപ്പണികൾക്കും തോട് വൃത്തിയാക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് തോടിന്റെ പുനരുദ്ധരണ പ്രവർത്തനങ്ങൾ വടകര മുനിസിപ്പാലിറ്റി നടത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ജനകിയ പങ്കാളിത്തത്തോടെ ശുചികരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും നോൺ പ്ലാൻ സ്കീമിലെ FD, MI Priority എന്നീ ശീർഷകങ്ങളിലും പ്ലാൻ സ്കീമിലെ MI ക്ലാസ് II, ഹരിത കേരളത്തിന്റെ സ്കീമുകളിലും ഉൾപ്പെടുത്തി തോടുകളുടെ അറ്റകുറ്റ പ്രവർത്തികൾ നിർവഹിക്കാറുണ്ട്. |
| (സി) | നിലവിലെ സർക്കാർ പദ്ധതികളിൽ ഉൾപ്പെടുത്തി കരിമ്പന തോട് വൃത്തിയാക്കി ഉപയോഗയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | 04.11.2020 തീയതിയിലെ സ.ഉ.(കൈ)നം.170/ 2020/ത.സ്വ.ഭ സർക്കാർ ഉത്തരവു പ്രകാരം വടകര മുനിസിപ്പാലിറ്റിയിലെ വാർഡ് 26 ൽ കരിമ്പനത്തോട് വലിയകൈയ്യിൽ പാലം മുതൽ കുട്ടിയാമി ചീർപ്പ് വരെ കെട്ടി സംരക്ഷിക്കുന്നതിന് 150 ലക്ഷം രൂപയുടെ ഭരണാനുമതി റീബിൽഡ് കേരള ഇനീഷിയേറ്റീവിൽ ഉൾപ്പെടുത്തി വടകര മുനിസിപ്പാലിറ്റിയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. പുതിയ പദ്ധതികൾ ആവശ്യമായി വരുന്ന പക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ